"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജയിലുകൾ - ശ്രീ.പ്രവീഷ്.റ്റി.ജെ, ജോയിന്റ് സൂപ്രണ്ട്, സെൻട്രൽ പ്രിസൺ &കറക്ഷണൽ ഹോം, കണ്ണൂർ - ജോയിന്റ് സൂപ്രണ്ട് തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2066/2025/HOME തീയതി,തിരുവനന്തപുരം, 20-06-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.1708/2024/ആഭ്യന്തരം തീയതി, 21.06.2024.
2. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 21.03.2025 തീയതിയിലെ കെ.പി.സി.എസ്/1018/2025-ഇ1 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം ജോയിന്റ് സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീ.പ്രവീഷ്.റ്റി.ജെ-യുടെ ആറ് മാസത്തെ പ്രൊബേഷൻ കാലയളവ് 15.01.2025-ൽ പൂർത്തിയാകുന്നതിനാൽ 16.01.2025 തീയതി പ്രാബല്യത്തിൽ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായുള്ള ഉത്തരവ് നൽകണമെന്ന് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. തുടർച്ചയായ 1 വർഷത്തിനുള്ളിൽ 6 മാസമാണ് ജോയിന്റ് സൂപ്രണ്ട് തസ്തികയിലെ പ്രൊബേഷൻ കാലാവധി. 04.07.2024-ൽ ജോയിന്റ് സൂപ്രണ്ട് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.പ്രവീഷ്.റ്റി.ജെ, 10.09.2024 മുതൽ 13.09.2024 വരെയും 03.12.2024 മുതൽ 09.12.2024 വരെയും പിൻചേർപ്പ് ഉൾപ്പടെ 12 ദിവസത്തെ അവധി എടുത്തിട്ടുള്ളതിനാൽ 15.01.2025 തീയതിയിലാണ് പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കുന്നത്. ഇദ്ദേഹത്തിന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് ജയിൽ വകുപ്പ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ, ശ്രീ.പ്രവീഷ്.റ്റി.ജെ യുടെ ജോയിന്റ് സൂപ്രണ്ട് തസ്തികയിലെ പ്രൊബേഷൻ 16.01.2025 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജീഷ് ബി ഗോപൻ
അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം.
ശ്രീ.പ്രവീഷ്.റ്റി.ജെ (പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ വകുപ്പ് (സർക്കാർ വെബ്

സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Kavitha S
Date: 20-06-2025 16:18:15
സെക്ഷൻ ഓഫീസർ